**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2917.** **06.11.2019 ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് 2018-19 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2018-19 വർഷം ആകെ 57 അബ്കാരി കേസുകളും, 71 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ശബരിമല മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ജാഗ്രതാനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ശബരിമല മേഖലയിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക എക്സൈസ് റെയിഞ്ച് ഓഫീസുകൾ സ്ഥാപിക്കുന്നതാണ്. ഇവിടേയ്ക്ക് ഉദ്യോഗസ്ഥരെ വിന്യസിച്ച് തീർത്ഥാടന കാലത്ത് ലഹരി വസ്തുക്കൾ കൊണ്ടുവരുന്നതും ഉപയോഗിക്കുന്നതും കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൂങ്കാവനം ഉൾപ്പെടുന്ന പത്തനംതിട്ട മണ്ണാറകുളഞ്ഞി മുതൽ പമ്പ വരെയുള്ള ഭാഗങ്ങളിൽ 24 മണിക്കൂർ പട്രോളിംഗ് നടത്തിവരുന്നുമുണ്ട്. പന്തളം, ആറന്മുള എന്നീ സ്ഥലങ്ങളിൽ എക്സൈസ് ഔട്ട് പോസ്റ്റുകളും സ്ഥാപിക്കുന്നതാണ്. |
| (സി) | സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന് വ്യാപനം തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം എക്സൈസ് ഇന്റലിജൻസ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. ടി എക്സൈസ് ഷാഡോ |

| | | | |
|---|---|---|---|
| | | | സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിലെ ഓരോ ഉദ്യോഗസ്ഥരെ ഓരോ സ്കൂളിന്റെ ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | എക്സൈസ് റേഞ്ച് ആഫീസിൽ ശബരിമല സീസണിന്റെ പ്രാധാന്യം കണക്കിലെടുത്ത് താൽക്കാലിക ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡ) | ആവശ്യമായ വാഹനവും ഡ്രൈവറും ഉൾപ്പെടെയായിരിക്കും ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക എക്സൈസ് റെയിഞ്ച് ഓഫീസുകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ